**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1327** **15-10-2026-ൽ മറുപടിയ്ക്ക്**

**പുഴമണൽ ഖനനം പുനഃരാരംഭിക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പരിസ്ഥിതിക്ക് ആഘാതമില്ലാത്ത രീതിയിൽ പുഴകളിൽ നിന്ന് മണൽ ഖനനം പുനഃരാരംഭിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; വിശദാംശം നൽകുമോ?

**മറുപടി:** ഡിസ്ട്രിക്ട് സർവ്വെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ മണൽ ഖനന സാധ്യതയുള്ള 14 നദികളിലെ (അച്ചൻകോവിൽ, പമ്പ, മൂവാറ്റുപ്പുഴ, പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടി, വളപട്ടണം, ശ്രീകണ്ഠാപുരം, പെരുമ്പ, ഷിറിയ, ഉപ്പള, ചന്ദ്രഗിരി, മൊഗ്രാൽ), 189 സാൻഡ് മൈനിംഗ് സൈറ്റുകളിലായി (149 എണ്ണം 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ളതും, 40 എണ്ണം 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ളതും) 1,70,25,861.48 മെട്രിക് ടൺ മൈനബിൾ സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ഡി.എസ്.ആർ പ്രകാരമുള്ള 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള 62 കടവുകളുടെ അതിർത്തിനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 127 സൈറ്റുകളുടെ അതിർത്തിനിർണ്ണയം പൂർത്തിയാക്കാനുണ്ട്. അതിർത്തി നിർണ്ണയം പൂർത്തിയായ സൈറ്റുകൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും Letter of Intent, പരിസ്ഥിതി വകുപ്പിൽ നിന്നും പാരിസ്ഥിതികാനുമതി എന്നിവ ലഭ്യമാകുന്നതിനോടൊന്നിച്ച് മണൽ ഖനനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങൾക്ക് (SOP) വിധേയമായി പരിസ്ഥിതിക്ക് ആഘാതമില്ലാത്ത രീതിയിൽ പുഴകളിൽ നിന്ന് മണൽ ഖനനം പുന:രാരംഭിക്കാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**